വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

**വിഷയം:- സ്കൂൾ ഉച്ചഭക്ഷണ പദ്ധതി- സ്കൂളുകളിൽ നീക്കിയിരുപ്പുള്ള ഭക്ഷ്യധാന്യം-വിതരണം സംബന്ധിച്ച നിർദ്ദേശങ്ങൾ**

സംസ്ഥാനം ആവശ്യപ്പെട്ട 10700 മെട്രിക് ടൺ അരിയുടെ അഡീഷണൽ അലോക്കേഷൻ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ ചില സ്കൂളുകൾക്ക് മാർച്ച് മാസത്തെ പദ്ധതി നടത്തിപ്പിനുള്ള അരി പൂർണ്ണമായും സപ്ലൈകോയിൽ നിന്ന് ലഭ്യമാകാത്ത സ്ഥിതിയുണ്ടായിരുന്നു. സപ്ലൈകോയുടെ കൈവശം എം.ഡി.എം.എസ് അരിയുടെ മതിയ സ്റ്റോക്ക് ബാലൻസ് ഇല്ലാതിരുന്നതിനാൽ ചിലയിടങ്ങളിൽ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഭക്ഷ്യ ഭദ്രത അലവൻസ് വിതരണം ചെയ്യുവാനാവശ്യമായ അരി സ്കൂളുകൾക്ക് ലഭ്യമാക്കുവാനും സാധിച്ചിരുന്നില്ല. ഇക്കാരണങ്ങളാൽ, ഭക്ഷ്യ ഭദ്രത അലവൻസ് വിതരണത്തിനായി മാറ്റിവച്ചിരുന്ന ഭക്ഷ്യധാന്യത്തിൽ ഗണ്യമായ ഒരു ഭാഗം മാർച്ചിലെ പദ്ധതി നടത്തിപ്പിനായി വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്.

2022-23 വർഷത്തെ ആദ്യപാദത്തേക്കുള്ള അരിയുടെ ലിഫ്റ്റിങ് നടപടികൾ പൂർത്തീകരിക്കുന്നതോടെ അരിയുടെ ലഭ്യതകുറവ് പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. ഈ കാര്യാലയം നിർദ്ദേശിച്ച സബ് അലോക്കേഷന്റെ അടിസ്ഥാനത്തിൽ 2022-23 വർഷത്തെ ആദ്യപാദത്തേക്കുള്ള അരി എഫ്.സി.ഐ റിലീസ് ചെയ്യുകയും ടി അരി ലിഫ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സപ്ലൈകോ തലത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു വശത്ത് അരിയുടെ കുറവ് ഉള്ളപ്പോൾ തന്നെ, അക്കാദമിക് വർഷം അവസാനിച്ചതിന് ശേഷവും നിരവധി സ്കൂളുകളിൽ അരി നീക്കിയിരിപ്പുള്ളതായി അറിയുന്നു. വിതരണം ചെയ്യാതെ കൂടുതൽ ദിവസങ്ങൾ സ്കൂളിൽ തന്നെ സൂക്ഷിച്ചാൽ ടി അരി കേടാകുവാൻ സാധ്യതയുണ്ട്.

മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഭക്ഷ്യധാന്യ വിതരണം സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ഡി.ഡി.ഇ മാർ സ്കൂളുകൾക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

01. ഭക്ഷ്യഭദ്രതാ അലവൻസിന്റെ ഭാഗമായി 2021 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെയും 2022 ജനുവരി മാസത്തേയും അരി വിതരണം ഇനിയും പൂർത്തീകരിക്കാത്ത സ്കൂളുകളോട് വിതരണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എ.ഇ.ഒ മാർ മുഖാന്തിരം നിർദ്ദേശം നൽകേണ്ടതാണ്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിനുള്ള അരി പൂർണ്ണമായും ലഭിക്കാത്ത സ്കൂളുകൾക്ക് ആയത് എത്രയും വേഗം സപ്ലൈകോയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഡി.ഡി.ഇ, എ.ഇ.ഒ തലത്തിൽ സ്വീകരിക്കേണ്ടതാണ്.

02. മാർച്ചിലെ ഇൻഡന്റ് പ്രകാരമുള്ള അരി ലഭിക്കാത്ത സ്കൂളുകൾക്ക് അരി ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ എ.ഇ.ഒ മാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇതിനായി, അരി ലഭിക്കാത്ത സ്കൂളുകളുടെ ഒരു ലിസ്റ്റ് (മാവേലി/ഡിപ്പോ തിരിച്ച്) മാനുവലായി തയ്യാറാക്കി അതിൽ ഓരോ സ്കൂളിനും ലഭിക്കേണ്ട അരിയുടെ അളവ് കൃത്യമായി രേഖപ്പെടുത്തിയ ശേഷം ലിസ്റ്റ് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട സപ്ലൈകോ ഔട്ട്ലെറ്റിൽ (മാവേലി സ്റ്റോർ/ഡിപ്പോ) സമർപ്പിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് അരി ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാനും എ.ഇ.ഒ മാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

03. ഫെബ്രുവരി മാസത്തെ ഭക്ഷ്യഭദ്രതാ അലവൻസിന്റെ ഭാഗമായി 10 ദിവസത്തെ അരി അർഹരായ എല്ലാ കുട്ടികൾക്കും വിതരണം ചെയ്യുവാൻ എ.ഇ.ഒ മാർ മുഖാന്തിരം സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. സ്കൂളുകൾ പൂർണ്ണമായും തുറന്ന് പ്രവർത്തിച്ച ഫെബ്രുവരി 14 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണം ചെയ്യേണ്ടതില്ല (ഇത് പ്രീ-പ്രൈമറിക്കും ബാധകം).

04. ഫെബ്രുവരി മാസത്തെ ഭക്ഷ്യ ഭദ്രതാ അലവൻസ് വിതരണത്തിന് ശേഷവും അരി നീക്കിയിരിപ്പ് വരുവാൻ സാധ്യതയുള്ള പക്ഷം ഇപ്രകാരം ബാക്കി വരുന്ന അരി കൂടി തിട്ടപ്പെടുത്തി ആയത് കൃത്യമായി വീതിച്ച് ഫെബ്രുവരി മാസത്തെ ഭക്ഷ്യ ഭദ്രതാ അലവൻസിന്റെ ഭാഗമായി നൽകുന്ന അരിയോടൊപ്പം വിതരണം ചെയ്യുവാൻ എ.ഇ.ഒ മാർ മുഖാന്തിരം സ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

05. അരി വിതരണം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ (അക്വിറ്റൻസ് ഉൾപ്പടെ) സാക്ഷ്യപ്പെടുത്തി സ്കൂളിൽ സൂക്ഷിക്കുവാനും ആവശ്യമായ പക്ഷം പരിശോധനകൾക്കായി ഹാജരാക്കുവാനും പ്രഥമാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം പുറപ്പെടുവിക്കുന്നത്

**ഒപ്പ്/-**
**സി എ സന്തോഷ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**